## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4616

20.10.2011 - ൽ മറുപടിക്ക്

**ഭക്ഷ്യവിതരണരംഗത്തെ പരിശോധനകൾ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഭക്ഷ്യവിതരണരംഗത്തെ പരിശോധനകൾ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന കർമ്മ പരിപാടികൾ എന്തെല്ലാമാണ്; | (എ) പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് കുറ്റമറ്റ പരിശോധനാ സംവിധാനം നിലവിലുണ്ട്. എഫ്.സി. ഐ.യിൽ നിന്നും അംഗീകൃത മൊത്ത വ്യാപാരികൾ ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നതുമുതലുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കർശനമായ നിരീക്ഷണത്തിലാണ് നടക്കുന്നത്. എഫ്.സി. ഐ. യിൽ നിന്നും വിതരണം നടക്കുന്ന ദിവസങ്ങളിൽ എല്ലാ ഡിപ്പോകളിലും അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയിട്ടുണ്ട്. അതുപോലെ തന്നെ എ.ഡബ്ളിയു.ഡി.കളിൽ നിന്നും എ.ആർ.ഡി.കൾക്ക് വിതരണം ചെയ്യുമ്പോൾ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ആവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓയിൽ കമ്പനികളിൽ നിന്നും മണ്ണെണ്ണ വിട്ടെടുത്ത് കൊണ്ടുവരുന്ന വഴിയിൽ തിരിമറി നടത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനുമായി 'വെഹിക്കിൾ ട്രാക്കിംഗ്' സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ പ്രാരംഭദശയിലാണ്. പൊതുവിതരണ കേന്ദ്രങ്ങളിലെ പരിശോധനകൾക്കായി റേഷനിംഗ് ഇൻസ്പെക്ടർമാർ മുതലുള്ള ഫീൽഡ് സ്റ്റാഫിന് ടാർജറ്റും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി സിവിൽ സപ്ലൈസ് വകുപ്പിന് കൂടുതൽ വാഹനസൗകര്യവും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) സിവിൽ സപ്ലൈസ് വകുപ്പിന് നിലവിൽ എല്ലാ ജില്ലാ സപ്ലൈ/താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ പരിശോധനകളും റെയ്ഡുകളും നടത്താൻ ആവശ്യമായ വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഇല്ല |
| (ഡി) അതിന്മേൽ കേന്ദ്ര ഗവൺമെന്റ് സമീപനം എന്താണ്; വിശദമാക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ